I ഇ.ബി. XIV - കേരള നിയമസഭ /IV-2

# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ഫെബ്രുവരി 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ഉത്തരത്തിലെ തിരുത്ത്

നക്ഷത്രചിഹ്നമിടാത്ത 35-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 35-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

### II ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. വി. അബ്ദുൾ ഖാദർ, ഇ. കെ. വിജയൻ, സണ്ണി ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III ചരമോപചാരം

ഇ. അഹമ്മദ്, പി. വിശ്വംഭരൻ, ഹമീദ് അലി ഷംനാട്, എൻ. സി. സത്യപാലൻ, ഫിഡൽ കാസ്ട്രോ, ജെ. ജയലളിത, ഡോ. എം. ബാലമുരളീകൃഷ്ണ എന്നിവരുടെ നിര്യാണം

കേരളത്തിലെ മുൻ മന്ത്രിയും മുൻ കേന്ദ്രമന്ത്രിയും പാർലമെന്റ് അംഗവും മുസ്ലീംലീഗിന്റെ ദേശീയ പ്രസിഡന്റുമായിരുന്ന ഇ. അഹമ്മദ്, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. വിശ്വംഭരൻ, ഹമീദ് അലി ഷംനാട്, എൻ. സി. സത്യപാലൻ, ക്യൂബൻ നേതാവ് ഫിഡൽ കാസ്ട്രോ, തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജെ. ജയലളിത, പ്രശസ്ത സംഗീതജ്ഞൻ ഡോ. എം. ബാലമുരളീകൃഷ്ണ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## IV അടിയന്തരപ്രമേയം

സ്ത്രീ സുരക്ഷ

<u>മി. സ്പീക്കർ</u> : കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ. മോൻസ് ജോസഫും തെന്നിന്ത്യയിലെ അതിപ്രശസ്തയായ ചലച്ചിത്രതാരത്തിനുനേരെ നടന്ന പീഡനം സംബന്ധിച്ച് ശ്രീ. പി. ടി. തോമസും അടിയന്തരപ്രമേയ നോട്ടീസുകൾ നൽകിയിട്ടുണ്ട്. ശ്രീ. പി. ടി. തോമസ് നൽകിയ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിക്കാൻ അനുവദിക്കുന്നു.

സ്ത്രീ സുരക്ഷ എന്ന മുഖ്യ വാഗ്ദാനവുമായി അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിൽ വ്യാപകമായി സ്ത്രീകൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ചും മലയാളിയും തെന്നിന്ത്യയിലെ അതിപ്രശസ്ത ചലച്ചിത്രതാരവുമായ നടിക്കുനേരെ കൊച്ചിയിലുണ്ടായ അതിക്രൂരമായ പീഡനം സംബന്ധിച്ചും സത്യസന്ധമായ അന്വേഷണം നടത്തി മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നും ഈ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുമൂലം കേസ് അട്ടിമറിക്കപ്പെടാൻ സാധ്യതയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): 2017 ഫെബ്രുവരി മാസം 17-ാം

തീയതി രാത്രി 8.30 ന് തൃശ്ശൂരിൽ നിന്നും എറണാകുളത്തേക്ക് കാറിൽ സഞ്ചരിക്കുകയായിരുന്ന പ്രമുഖ സിനിമാ നടിയെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽവച്ച് പൾസർ സുനി എന്ന പേരിൽ അറിയപ്പെടുന്ന സുനിൽ എന്ന സാമൂഹ്യവിരുദ്ധനും സംഘവും വാഹനം തടഞ്ഞുനിർത്തി തട്ടിക്കൊണ്ടുപോയി അസ്വാഭാവികമായ പീഡനത്തിനിരയാക്കുകയും ചില രംഗങ്ങൾ മൊബൈൽ ഫോണിൽ പകർത്തുകയും രാത്രി 11 മണിയോടെ പടമുഗൾ ഭാഗത്ത് ഇറക്കിവിടുകയും ചെയ്തു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടയുടൻ പോലീസ് കൃത്യമായി ഇടപെടുകയും 18-02-2017-ന് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 297/17 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ആലുവ ഡിവൈ.എസ്.പി കേസന്വേഷിച്ചുവരികയുമാണ്. പൾസർ സുനിയേയും കുട്ടാളി വിജേഷിനേയും 23-02-2017-ന് അറസ്റ്റുചെയ്തു. 24-02-2017-ന് റിമാന്റ് ചെയ്യുകയും 25-02-2017-ന് അന്വേഷണാർത്ഥം പോലീസ് കസ്റ്റഡിയിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. കേസിലെ മറ്റുപ്രതികളായ മാർട്ടിൻ, പ്രദീപ്, സലീം, മണികണ്ഠൻ എന്നിവരെ സംഭവം നടന്ന് രണ്ട് ദിവസത്തിനുള്ളിൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റുചെയ്തു. ഇവരെ പോലീസ് കസ്റ്റഡിയിൽ കിട്ടുന്നതിന് ഇന്ന് ബഹു. കോടതിയെ

സമീപിക്കുന്നതാണ്. കൃത്യത്തിനുപയോഗിച്ച വാഹനം കസ്റ്റഡിയിലെടുത്ത് ശാസ്ത്രീയ പരിശോധനകൾ നടത്തി തെളിവുകൾ ശേഖരിക്കുകയും സമഗ്രമായ അന്വേഷണം നടത്തിവരികയുമാണ്. ഇവർ ഉപയോഗിച്ച മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, ടാബ്, വീഡിയോ, അഡാപ്റ്റർ തുടങ്ങിയവ കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി പോലീസ് ഊർജ്ജസ്വലമായി പ്രവർത്തിച്ചതുകൊണ്ടാണ് ഉടൻതന്നെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചത്. ഗൂഢാലോചന നടന്നിട്ടില്ല എന്ന നിലപാട് ഗവൺമെന്റ് എടുത്തിട്ടില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സ്ത്രീകൾക്ക് പൊതുസ്ഥലങ്ങളിലും സ്വകാര്യജീവിതത്തിലും സുരക്ഷ ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഇന്ന് എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്ക് അവിസ്മരണീയമാണ്. എന്നാൽ കേരളത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്നതിനാൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ശക്തമായ നിയമനിർമ്മാണം അനിവാര്യമാണ്. കൈരളി ചാനലിൽ നടിയെ അപകീർത്തിപ്പെടുത്തുന്ന വാർത്ത സംപ്രേഷണം ചെയ്തതുമായി ബന്ധപ്പെട്ട് മാധ്യമപ്രവർത്തകനായ ശ്രീ. ജോൺ ബ്രിട്ടാസ് പരസ്യമായി മാപ്പുപറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയും മാപ്പുപറയണം. ഇതൊരു

ഒറ്റപ്പെട്ട സംഭവവും മൂന്ന് മാസത്തെ ഗൂഢാലോചനയുടെ ഭാഗവുമാണ്. കേസിന്റെ അന്വേഷണത്തിലൂടെ യഥാർത്ഥ കുറ്റവാളികളെ രക്ഷിക്കുകയാണോ മുഖ്യമന്ത്രി ചെയ്യുന്നതെന്നും ഈ വിഷയത്തിൽ ശ്രീ. എ. കെ. ബാലൻ, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവർ നടത്തിയ പ്രതികരണവുമായി ബന്ധപ്പെട്ട് അങ്ങയുടെ മറുപടിയും സഭയിൽ വ്യക്തമാക്കണം. ഗൂഢാലോചന ഇല്ലെന്ന് പറയുമ്പോൾ അധോലോകത്തെക്കുറിച്ചും ക്രിമിനലുകളെക്കുറിച്ചും അന്വേഷിക്കേണ്ട ആവശ്യമില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്. പ്രമാദമായ കേസിൽ അനവസരത്തിൽ അഭിപ്രായം പറഞ്ഞത് ആരെയെങ്കിലും സഹായിക്കാനായിരുന്നോ എന്ന് സംശയമുണ്ട്. കേരള സമൂഹത്തിന് നൽകിയ സ്ത്രീ സുരക്ഷയെന്ന വാഗ്ദാനം പാലിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോയെന്ന് ആലോചിക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ രാജ്യവും മാധ്യമങ്ങളും അവരോടൊപ്പം നിൽക്കുമ്പോൾ ആ വികാരം പൂർണ്ണമായി ഉൾക്കൊണ്ട് നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം ഉറപ്പുവരുത്തി പ്രതികളെ ജയിലിലടയ്ക്കാൻ ബാധ്യതയുള്ള മുഖ്യമന്ത്രി കേസന്വേഷണത്തിന്റെ തുടക്കത്തിൽ അതിനെ സ്വാധീനിക്കുന്നവിധം ഇടപെട്ടതെന്തിനാണെന്ന് വ്യക്തമാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ

സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളീയ സമൂഹത്തിന് അഭിമാനിക്കാൻ കഴിയാത്ത ചില സംഭവങ്ങൾ നടക്കുന്നുവെന്നത് നാം ഗൗരവത്തോടെ കാണുന്നു. ഇത്തരം സംഭവങ്ങളെ രാഷ്ട്രീയ മുതലെടുപ്പിനുള്ള ഉപകരണമാക്കരുത്. ഒരു സഹോദരി ആക്രമിക്കപ്പെട്ടാൽ അവരോടൊപ്പം നിൽക്കാൻ സമൂഹത്തിന് കഴിഞ്ഞാൽ മാത്രമേ കുറ്റവാളികളെ ശിക്ഷിക്കാനും ഒറ്റപ്പെടുത്താനുമാകൂ. ഇതിന്റെ ഭാഗമായാണ് നയപ്രഖ്യാപനത്തിൽ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുമെന്ന് പറഞ്ഞിട്ടുള്ളത്. അതിലൂടെ സമൂഹത്തിന് മുമ്പിൽ ഇവരെ സൂക്ഷിക്കുക, ഒറ്റപ്പെടുത്തുക എന്ന സന്ദേശം നൽകാൻ കഴിയും. നടി ആക്രമിക്കപ്പെട്ട സംഭവത്തിൽ ഉടൻതന്നെ അതിശക്തമായ രീതിയിൽ സർക്കാർ ഇടപെട്ടിട്ടുണ്ട്. ശക്തമായ സുരക്ഷയുള്ള റോഡിൽ ഇത്തരത്തിൽ ഒരു കുറ്റകൃത്യം അരങ്ങേറിയതിനെ ഗൗരവമായി കാണുന്നു. വളരെ ആസൂത്രിതമായി നടന്ന ഈ സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള സൂചനകൾ പോലീസിന് ലഭ്യമായില്ല എന്നതാണ് വസ്തുത. പോലീസിന് സൂചന ലഭിച്ചിട്ടും പോലീസ് നിഷ്ക്രിയമായി എന്നുള്ള പരാതി ആരും ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നത്തെ രാഷ്ട്രീയവത്കരിക്കാനാണ് ശ്രമിക്കുന്നത്. ഈ സംഭവത്തിൽ ഡ്രൈവറുടെ നടപടിയെ സംബന്ധിച്ച് നടത്തിയ പ്രസ്താവന നടിയെ അപകീർത്തിപ്പെടുത്തുന്നതും കുറ്റവാളികളെ സംരക്ഷിക്കുന്നതുമാകുന്നത്

എങ്ങനെയെന്ന് മനസ്സിലാകുന്നില്ല. പ്രതികളെ ഇത്ര പെട്ടന്ന് പിടിക്കേണ്ടിയിരുന്നില്ല എന്നാണ് പ്രതിപക്ഷം പറയുന്നത്. ഈ സംഭവത്തിൽ പ്രതികളെ ചുരുങ്ങിയ സമയത്തിനുള്ളിൽ പിടികൂടിയ പോലീസ് നടപടിയെ കുറ്റപ്പെടുത്തുന്ന പ്രതിപക്ഷ സമീപനം തികച്ചും ലജ്ജാകരമാണ്. കോടതിമുറിക്കുള്ളിൽ വച്ച് പ്രതികളെ കസ്റ്റഡിയിലെടുത്ത പോലീസ് നടപടിയെയും കുറ്റവാളികൾക്കെതിരെയുള്ള ഗവൺമെന്റ് നിലപാടിനേയും പ്രതിപക്ഷം ഒന്നടങ്കം ആക്ഷേപിക്കുന്നത് ശരിയല്ല. നടിക്കുനേരെയുണ്ടായ ആക്രമണത്തിനെതിരെ താരസംഘടനയായ അമ്മ ശക്തമായ പ്രതിഷേധവുമായി മുന്നോട്ടുവന്നിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി അനവസരത്തിൽ അഭിപ്രായം പറഞ്ഞുവെന്ന ആക്ഷേപം വസ്തുതാവിരുദ്ധമാണ്. സമൂഹത്തിൽ എത്ര വലിയ ഉന്നതരായാലും കുറ്റം ചെയ്തവർ കുറ്റവാളികളാണെന്നും ശിക്ഷിക്കപ്പെടണമെന്നുമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 15 ശതമാനമാക്കി ഉയർത്തുന്നതിനും വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോവകുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ചലച്ചിത്ര

പ്രവർത്തകരുടെ ഭാര്യമാർക്കെതിരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾക്കും രാഷ്ട്രീയമായും അല്ലാതെയും നടന്നിട്ടുള്ള ആക്രമണങ്ങൾക്കുമെതിരെ കേസ്സെടുക്കാനോ അന്വേഷണം നടത്താനോ അന്നത്തെ പോലീസ് ഉദ്യോഗസ്ഥർ തയ്യാറായിട്ടില്ലെന്നുള്ള വസ്തുത പ്രതിപക്ഷാംഗങ്ങൾ വിസ്മരിക്കരുത്. സംസ്ഥാനത്തെ കുട്ടികൾ മുതൽ പ്രായമായവർ വരെയുള്ള മുഴുവൻ സ്ത്രീ സമൂഹത്തിനും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്ത്രീകളുടെ സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കുംവേണ്ടി കേരള സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളുമ്പോഴും സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന പീഡനങ്ങളും അതിക്രമങ്ങളും ഗൗരവത്തോടെ കാണാനും സ്ത്രീകൾക്ക് രാവും പകലും സുരക്ഷിതമായി യാത്രചെയ്യാനും ജോലി ചെയ്യാനുമുള്ള അവസരം സൃഷ്ടിക്കാനും ഗവൺമെന്റ് തയ്യാറാകണം. പ്രസിദ്ധ ചലച്ചിത്രനടിക്കു നേരെയുണ്ടായ ആക്രമണത്തിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ തയ്യാറാകണം. ഈ കേസന്വേഷണത്തിൽ ആഭ്യന്തരവകുപ്പിന്റെ

ച്ചമതലയുള്ള മുഖ്യമന്ത്രി ഇടപെടാതെ അന്വേഷണ ഉദ്യോഗസ്ഥർക്ക് സ്വതന്ത്രവും നീതിപൂർവ്വവും നിഷ്പക്ഷവുമായ അന്വേഷണം നടത്താനുള്ള അവസരം നൽകണം. കേസ്സന്വേഷണം പൂർത്തിയാകുന്നതിനുമുമ്പ് 'പ്രധാന പ്രതി തന്നെ ഗൂഢാലോചന നടത്തി ആസൂത്രണം ചെയ്ത സംഭവമാണ് ഇതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം ഈ കേസ്സിന്റെ നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിലെ ഒരു സ്ത്രീക്കും ഇതുപോലൊരു അനുഭവം ഇനി ഉണ്ടാകാൻ പാടില്ല. ഈ വിഷയത്തിൽ ഹൈവേ പോലീസിന്റെ ഇടപെടലുണ്ടാകാത്തത് ഖേദകരമാണ്. ഇത് വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണണം. കേസ് അട്ടിമറിക്കാൻ സഹായകമാകുന്ന രീതിയിലുള്ള പ്രസ്താവനയാണ് മുഖ്യമന്ത്രി നടത്തിയത്. ഗുണ്ടകളെയും മാഫിയകളെയും സ്ത്രീകൾക്കെതിരെ അതിക്രമം നടത്തുന്നവരെയും സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിലെ ആശയക്കുഴപ്പം പരിഹരിക്കണം. അർഹിക്കുന്ന ശിക്ഷതന്നെ കുറ്റവാളികൾക്ക് ലഭിക്കണം. സ്ത്രീ സുരക്ഷയെപ്പറ്റി ചർച്ച ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇവിടെയിരുന്ന് പ്രതിഷേധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ

നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. ഒ. രാജഗോപാൽ: കേരളത്തിന് അപമാനമുണ്ടാക്കിയ ഒരു സംഭവത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ 3200 അതിക്രമ സംഭവങ്ങളാണ് നടന്നിട്ടുള്ളത്. ചില തല്പരകക്ഷികളെ സംരക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി)

## V ശ്രദ്ധക്ഷണിക്കൽ

### റേഷൻ വിഹിതം പുന:സ്ഥാപിക്കൽ

ശ്രീ. എസ്. ശർമ്മ : ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിന്റെ ഫലമായി കേരളത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്

ഭക്ഷ്യധാന്യം നേരിട്ട് നൽകുന്നതിനായി 1964-ൽ ഉണ്ടാക്കിയ കരാറിൽ നിന്നും പിൻമാറിയതിലൂടെ ഫെഡറൽ സംവിധാനത്തിന് ഭൂഷണമല്ലാത്ത നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. സാർവ്വത്രിക പൊതുവിതരണ ശൃംഖലയുടെ പ്രവർത്തനത്തിലും നടത്തിപ്പിലും കേരളം രാജ്യത്തിന് മാതൃകയായിരുന്നുവെങ്കിലും നവ ഉദാരവൽക്കരണ സമീപനത്തിന്റെ ഫലമായി പൊതുവിതരണ സമ്പ്രദായം ദുർബലപ്പെടുകയാണുണ്ടായത്. നീതി ആയോഗിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ 82% പേർ പൊതുവിതരണ ശൃംഖലയെ ആശ്രയിക്കുന്നവരാണ്. ജനങ്ങളുടെ ഭക്ഷ്യഭദ്രതയ്ക്കുവേണ്ടി 2013-ൽ കൊണ്ടുവന്ന നിയമം യഥാർത്ഥത്തിൽ പൊതുവിതരണ ശൃംഖലയ്ക്ക് വിഘാതമായി മാറിയിരിക്കുകയാണ്. പ്രസ്തുത നിയമത്തിലൂടെ കേരളത്തിലെ 54% ജനങ്ങളുടെ അവകാശമാണ് കവർന്നെടുത്തിരിക്കുന്നത്. ഈ നിയമത്തിന്റെ അപകടം ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിൽ നിന്നുള്ള ഇടതുപക്ഷ എം.പി.മാരും മറ്റും പാർലമെന്റിൽ ഭേദഗതികൾ നിർദ്ദേശിച്ചെങ്കിലും കൂടുതൽ ഭക്ഷ്യധാന്യം നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് നിഷേധാത്മക നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പുള്ള വാർഷിക അലോക്കേഷനേക്കാൾ അധികമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യമെങ്കിൽ തുടർന്നും അതിന്റെ ശരാശരി അളവിൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് പ്രതിവർഷം 16.25 ലക്ഷം ടൺ ഭക്ഷ്യധാന്യത്തിന് നിയമപരമായ അർഹതയുണ്ട്. ഒറ്റക്കെട്ടായിനിന്ന് സംസ്ഥാനത്തിന്റെ ഈ അവകാശം നേടിയെടുക്കുന്നതിന് ശ്രമിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ഇന്ത്യയ്ക്ക് മാതൃകയായിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമാണ് കേരളത്തിൽ നിലനിന്നിരുന്നത്. 2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിലൂടെ കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ ഏതാണ്ട് 2 ലക്ഷം മെട്രിക് ടണ്ണിന്റെ കുറവ് അനുഭവപ്പെട്ടു. അധികവിഹിതത്തിലുണ്ടായ കുറവ് നികത്തണമെന്ന് സംസ്ഥാന സർക്കാർ നേരിട്ടും കത്ത് മുഖേനയും പലതവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന അതീവഗൗരവമായ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു സർവ്വകക്ഷി സംഘത്തെ അയക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഫലപ്രദമായ ഇടപെടലിലൂടെ മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് അതിനുള്ള ശ്രമം തുടരുകയാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ

അവതരിപ്പിക്കപ്പെട്ടില്ല.)

## VI സബ്മിഷൻ

### (1) മാലിന്യ സംസ്കരണപ്ലാന്റിൽ നിന്നുള്ള മലിനീകരണം

ശ്രീ. സി. കൃഷ്ണൻ: രാമന്തളി പഞ്ചായത്തിൽ ഏഴിമല നാവിക അക്കാദമിക്ക് വേണ്ടി സ്ഥാപിച്ച മാലിന്യസംസ്കരണ പ്ലാന്റിൽ നിന്നുള്ള മലിനീകരണം കാരണം സമീപത്തെ കിണറുകൾ മലിനപ്പെടുന്നതും ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നതും കണക്കിലെടുത്ത് പ്ലാന്റ് അടച്ചുപൂട്ടുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഏഴിമല നാവിക അക്കാദമിയിലെ വാസകേന്ദ്രങ്ങളിൽ നിന്നുള്ള സ്വീവേജും മലിനജലവും അക്കാദമിയോട് ചേർന്നുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ചാണ് സംസ്കരിക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ പ്ലാന്റിന് പൂർണ്ണ രീതിയിലുള്ള സംസ്കരണ സംവിധാനം ഉള്ളതായി കാണാൻ സാധിച്ചില്ല. ജല അതോറിറ്റി നടത്തിയ പഠനങ്ങളിൽ സമീപത്തെ കിണറുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയ സാഹചര്യത്തിൽ അക്കാദമിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള മലിനീകരണമാണോ കാരണമെന്ന്

അറിയുന്നതിന് വിശദമായ പഠനങ്ങൾ ആവശ്യമാണ്. പ്ലാന്റിന്റെ പ്രവർത്തനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാത്തതിനാൽ നേവൽ അക്കാദമി അധികൃതർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. പാറക്കൽ അബ്ദുള്ള, ശ്രീ. അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

(2) ഭൂമിയുടെ പോക്കുവരവ്

ശ്രീ. കെ. ബാബു: പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും നെന്മാറ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലുമുൾപ്പെടെ സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് സർക്കാർ പതിച്ചുനൽകിയ റവന്യൂ പുറമ്പോക്കും മിച്ചഭൂമിയും പോക്കുവരവ് ചെയ്ത് കൈവശക്കാർക്ക് കരമടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള ഭൂപരിഷ്കരണ നിയമവും ചട്ടങ്ങളുമനുസരിച്ച് അർഹരായവർക്ക് പതിച്ചുകൊടുക്കുന്ന മിച്ചഭൂമിക്ക് ചട്ടങ്ങൾ പ്രകാരം പോക്കുവരവ് ചെയ്തു കൊടുക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. താലൂക്ക് ലാന്റ് ബോർഡിന്റെ പൊതുവായ നിയന്ത്രണത്തിലും നിർദ്ദേശത്തിന്മേലും അർഹരായ അപേക്ഷകരെ തെരഞ്ഞെടുത്ത് മിച്ചഭൂമി പതിച്ചുനൽകി പട്ടയം നൽകുകയും തുടർന്ന് റവന്യൂ റിക്കാർഡുകളിൽ ആവശ്യമായ

മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഇതു സംബന്ധിച്ച മറ്റു കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

(3) ചെക്ക്ഡാം നിർമ്മാണം

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിനായി കുളത്തൂർമൂഴിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): മണിമലയാറിന് കുറുകെ കുളത്തൂർമൂഴി പാലത്തിന് താഴ്ഭാഗത്തായി ചെക്ക് ഡാമും അതിന് തുടർച്ചയായി നദിക്കരയിൽ മണ്ണിടിഞ്ഞ ഭാഗത്ത് സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഉൾപ്പെടെയുള്ള പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയില്ല. നദികളിലെ ജലദൗർലഭ്യം പരിഹരിക്കാൻ യുക്തമെന്ന് കാണുന്ന എല്ലാ സ്ഥലങ്ങളിലും ചെക്ക്ഡാമുകൾ വ്യത്യസ്ത പദ്ധതികളിൽപ്പെടുത്തി നിർമ്മിക്കുവാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

(ശ്രീ. ഉമ്മൻ ചാണ്ടി സീറ്റിൽ ഇല്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

(4) ആശാവർക്കർമാരുടെ ഓണറേറിയം

ശ്രീ. ചിറ്റയം ഗോപകുമാർ: സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

(നടുത്തളത്തിലിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആശാവർക്കർമാരുടെ ഓണറേറിയം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2016 നവംബർ വരെയുള്ള ഓണറേറിയം ഇതിനകം അവർക്ക് നൽകിയിട്ടുണ്ട്. ആശാവർക്കർമാരുടെ ഡ്യൂട്ടി ഉൾപ്പെടെയുള്ള പ്രവർത്തനമേഖല റീ-ഡിസൈൻ ചെയ്ത് ഇവരുടെ സേവനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആശാവർക്കർമാരെ നിലനിർത്തി ഇൻസെന്റീവിൽ വർദ്ധനവ് വരുത്താനുംവരെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(5) തൊഴിലില്ലായ്മ വേതനം

ശ്രീ. എം. സ്വരാജ്: അർഹരായവർക്കെല്ലാം തൊഴിലില്ലായ്മ വേതനം ലഭ്യമാക്കുന്നതിന് വരുമാനപരിധിയിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നതിനും

പ്രതിമാസവേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടപ്രകാരം തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാനം 12000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാനപരിധിയിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. തൊഴിലില്ലായ്മ വേതനത്തിന്റെ പ്രതിമാസനിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സർക്കാർ പരിശോധിക്കുന്നതാണ്. 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള തൊഴിലില്ലായ്മ വേതന കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(6 ) കായിക താരങ്ങൾക്ക് നിയമനം

ശ്രീ. റ്റി. വി. രാജേഷ്: സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് ഓൺലൈൻവഴി അപേക്ഷ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനും ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 35-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക്

എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യക്തിഗത സ്വർണ്ണമെഡൽ നേടിയ രണ്ട് താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ ആഭ്യന്തര വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. ടീമിനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് സംസ്ഥാനത്തെ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ദേശീയഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ ഒളിമ്പിക്സ് നിലവാരം പുലർത്തുന്ന പ്രകടനം കാഴ്ചവച്ച രണ്ട് കായികതാരങ്ങൾക്ക് വനം-വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്ക് ഓൺലൈൻവഴി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുന്നതിനും കളരിപ്പയറ്റ്, മൗണ്ടനീയറിംഗ് എന്നീയിനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച ഉദ്യോഗാർത്ഥികളിൽനിന്നും മാന്വലായി അപേക്ഷ ക്ഷണിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## (7) കാരുണ്യ ചികിത്സാ പദ്ധതി

ശ്രീ. മോൻസ് ജോസഫ്: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ 'കാരുണ്യ ചികിത്സാ പദ്ധതി'യുടെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനും പദ്ധതിയുടെ

ആനുകൂല്യം നിലനിർത്തി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 'കാരുണ്യ' പദ്ധതിക്ക് ഈ വർഷം വകയിരുത്തിയിരുന്ന 250 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. 'കാരുണ്യ' പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുണ്ടായിരുന്ന മുഴുവൻ തുകയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആരംഭകാലം മുതൽ കണക്കുകൾ സൂക്ഷിക്കുന്നതിലുണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ കണക്കുകൾ കമ്പ്യൂട്ടറൈസ് ചെയ്ത് വരികയാണ്. 'കാരുണ്യ' പദ്ധതി ഉൾപ്പെടെയുള്ള ആരോഗ്യ സഹായപദ്ധതികളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 11.30- ന് അല്പ സമയത്തേയ്ക്ക് സഭ നിർത്തിവച്ചു.)

(നിർത്തിവച്ച സഭ ഉച്ചയ്ക്കുശേഷം 12.07-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. പ്രതിപക്ഷ നേതാവ് സഭയിൽ എഴുന്നേറ്റ് നിൽക്കുമ്പോൾ മൈക്ക് അനുവദിക്കുന്ന കീഴ്വഴക്കം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളത്തുവച്ച് ചലച്ചിത്ര നടിക്ക്

നേരിടേണ്ടിവന്ന ദുര്യോഗം സംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവിന് സഭയിൽ ഏത് സമയത്ത് പ്രസംഗിക്കാനും നിലപാടുകൾ വ്യക്തമാക്കാനും അവകാശമുണ്ട്. സാധാരണ ഗതിയിൽ ചോദ്യോത്തരവേളയിൽ പ്രസംഗിക്കാൻ അനുവദിക്കാറില്ലെങ്കിലും ഇന്ന് അതിനുള്ള അവസരം നൽകിയിട്ടുണ്ട്. സഭയിൽ ശക്തമായ പ്രതിഷേധങ്ങളും ധർണ്ണകളും നടത്തുമ്പോൾ ചെയറിന്റെ മുഖം മറയ്ക്കുന്ന നടപടി അംഗീകരിക്കാനാകില്ല. പുതിയ അംഗങ്ങൾ സഭയിൽ കുറച്ചുകൂടി സഹിഷ്ണുത കാണിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: പ്രതിപക്ഷ നേതാവ് സഭയിൽ എപ്പോൾ എഴുന്നേറ്റ് നിന്നാലും മൈക്ക് അനുവദിക്കുന്നത് കീഴ്വഴക്കമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മുമ്പ് അന്നത്തെ പ്രതിപക്ഷ നേതാവിന് മൈക്ക് അനുവദിച്ചിരുന്നു.

(ശ്രീ. ഒ. രാജഗോപാൽ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എ. പ്രദീപ് കുമാർ: "2017 ഫെബ്രുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. ഒ. രാജഗോപാൽ ഗവർണറുടെ നന്ദി പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചു. മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. എ. പ്രദീപ് കുമാർ: പുതിയ കാലഘട്ടത്തിൽ സാങ്കേതിക വിദ്യയിലൂടെ വന്നിട്ടുള്ള മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും കാർഷിക-ആരോഗ്യ-വിദ്യാഭ്യാസ-സേവന മേഖലകളിൽ സ്വീകരിക്കേണ്ട സമീപനവും സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകളും അതിനുതകുന്ന കർമ്മ പദ്ധതികളും ഉൾക്കൊള്ളുന്ന

നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന നൽകാനുതകുന്ന പദ്ധതികൾ നവകേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം കാർഷിക വൃത്തിയിലേർപ്പെട്ടിട്ടുള്ളവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുകയാണ് ഹരിത കേരള മിഷൻ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും മുൻഗണന നൽകിയതോടൊപ്പം കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിനുതകുന്ന കർമ്മ പദ്ധതികളും നയപ്രഖ്യാപന പ്രസംഗത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുകയുമാണ് സുസ്ഥിര വികസനത്തിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദ കേന്ദ്രങ്ങളാക്കുകയും ഡോക്ടർമാരുടേതുൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ഗുണനിലവാരമുള്ള ആരോഗ്യ പരിപാലനത്തിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ആർദ്രം

മിഷന്റെ പ്രഖ്യാപനം ശ്ലാഘനീയമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകളെ ഹൈടെക് ആക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ട് 140 മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും അഞ്ച് വർഷംകൊണ്ട് 1000 സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മുൻ ഗവൺമെന്റ് അടച്ചുപൂട്ടാൻ ഉത്തരവിട്ട നാല് എയ്ഡഡ് സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായി പ്രഖ്യാപിച്ച 'ലൈഫ് പദ്ധതി' പാവപ്പെട്ടവർക്ക് സ്വന്തമായി വീടിനൊപ്പം അന്തസ്സുള്ള ജീവിതവും ഉറപ്പാക്കുന്നതാണ്. മുൻ ഗവൺമെന്റ് അട്ടിമറിച്ച സമ്പൂർണ്ണ വൈദ്യുതീകരണവും മുടക്കംവരുത്തിയ വൈദ്യുത പദ്ധതികളും പുനരാരംഭിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. സൗരോർജ്ജം ഉപയോഗിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും പ്രസരണ മേഖലയിൽ 8675 കോടി രൂപയുടെ സമഗ്ര പദ്ധതിക്ക് രൂപം നൽകുകയും അതിന്റെ ഒന്നാംഘട്ടം ടെണ്ടറിലേയ്ക്ക് പോകുകയും ചെയ്തിട്ടുണ്ട്.

എല്ലാ മേഖലകളിലും നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനുതകുന്ന പദ്ധതികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. ജെയിംസ് മാത്യു: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഇച്ഛാശക്തിയുള്ള ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തോടുകൂടിയ കാഴ്ചപ്പാടാണ് ഈ നയപ്രഖ്യാപനം. സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതും വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾക്കുള്ള അടിയന്തര പരിഹാരമെന്ന നിലയിലാണ് പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഹരിത കേരള മിഷൻ, ലൈഫ് പ്രോജക്ട് എന്നീ നാല് മിഷനുകൾ ഈ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, ദേശീയപാതാ വികസനം, ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി, കൊച്ചി-ഇടമൺ പവർ ഹൈവേ, തിരുവനന്തപുരം-കോഴിക്കോട്-കണ്ണൂർ വിമാനത്താവളങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള തീരുമാനമെടുക്കാൻ സർക്കാരിന് സാധിച്ചുവെന്നത് പ്രശംസനീയമാണ്. സ്ത്രീ സുരക്ഷയ്ക്കായി താലൂക്ക് തലങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകളും പ്രഥമ വനിതാ പോലീസ് ബറ്റാലിയനും ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

മുൻ സർക്കാർ 'സീറോ ലാന്റ് ലെസ് ' പദ്ധതിയിലൂടെ ഭൂരഹിതർക്ക് തരിശുഭൂമിയാണ് വിതരണം ചെയ്തിരുന്നതെങ്കിൽ ഈ സർക്കാർ 'ലൈഫ്' പദ്ധതിപ്രകാരം അഞ്ച് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ 4.32 ലക്ഷം ഭവനരഹിതർക്ക് സുരക്ഷിതമായ പാർപ്പിടം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അശാസ്ത്രീയമായ നോട്ട് നിരോധനത്തിലൂടെ കേന്ദ്രസർക്കാർ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്. തൊഴിലാളികൾക്കും സാധാരണക്കാർക്കുമൊപ്പം നിലകൊള്ളുന്ന ഈ സർക്കാരിന് കേന്ദ്രസർക്കാരിന്റെ നിലപാടുകളോട് യോജിക്കാനാവില്ല. ഭക്ഷ്യസുരക്ഷ, ആരോഗ്യം, സാംസ്കാരികം എന്നീ രംഗങ്ങളിൽ ലോകത്തിനുതന്നെ മാതൃകയായൊരു സംസ്ഥാനമാണ് കേരളം. അഞ്ച് വയസ്സുമുതൽ പതിനാല് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനും ആയിരം സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള വിദ്യാഭ്യാസ പരിഷ്കരണം ഏറെ പ്രശംസാർഹമാണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സമസ്തമേഖലകളിലും കാതലായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിന് മുന്തിയ പരിഗണന നൽകണം. സ്വാശ്രയമേഖലകളിലെ

സംഭവവികാസങ്ങൾ പൊതുസമൂഹത്തിൽ കടുത്ത ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. കച്ചവട താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സ്വാശ്രയ മാനേജ്മെന്റുകൾ പ്രവേശനം നടത്തുന്നതുമൂലം വിദ്യാഭ്യാസനിലവാരം കുറയുകയും പ്രൊഫഷണൽ ബിരുദധാരികൾ തൊഴിൽരംഗത്ത് പിന്നാക്കം പോകുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം. ഭാവിതലമുറയ്ക്ക് കരുത്ത് പകരാനുതകുംവിധം വിദ്യാഭ്യാസത്തെ മാറ്റിയെടുക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകളും നിർദ്ദേശങ്ങളും ഉണ്ടാകണം. വരൾച്ച നേരിടുന്നതിന് കേന്ദ്രസർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാത്ത സാഹചര്യത്തിൽ ബദൽ സംവിധാനം കണ്ടെത്താൻ നടപടി സ്വീകരിക്കണം. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണ-പ്രതിപക്ഷഭേദമെന്യേ ഒന്നിച്ചുനിൽക്കണം. പോലീസ് വകുപ്പിൽ പിഴവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാനും മാലിന്യ സംസ്കരണത്തിനും ജൈവ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനും ലക്ഷ്യംവച്ചുകൊണ്ടുള്ള ഹരിത കേരള മിഷൻ, ഗ്രീൻ പ്രോട്ടോക്കോൾ എന്നിവ സ്വാഗതാർഹമാണ്. കേരളത്തിലെ കുഴൽക്കിണറുകൾ സംബന്ധിച്ച് സർവ്വേ നടത്തണം. കുഴൽക്കിണറുകളും കിണറുകളും റീ-ചാർജ്ജ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. ഉമ്മൻ വി. ഉമ്മൻ, കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുകൾ മലയോര മേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്

ഗൗരവതരമായ ചർച്ച സഭയിലുണ്ടാകണം. വരൾച്ചയെത്തുടർന്ന് തോട്ടം മേഖലയിലുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ചുകൂട്ടാനും തോട്ടം പാക്കേജ് നടപ്പിലാക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവ കേരള നിർമ്മിതി എന്ന കർമ്മ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നയപ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. ജനക്ഷേമനയങ്ങളുടെ കാര്യക്ഷമമായ നടപ്പാക്കലാണ് സർക്കാരിന്റെ ലക്ഷ്യം. ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തി പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്ന സമഗ്ര നിയമനിർമ്മാണം എന്ന പ്രഖ്യാപനം സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. സമസ്ത വിഭാഗം ജനങ്ങൾക്കും മാറ്റമുണ്ടാക്കുന്നതരത്തിൽ നവകേരളം സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. കേരളത്തിലെ ഗ്രാമീണ മേഖലകളെ വെളിയിട വിസർജ്ജന മുക്ത കേരളമാക്കി മാറ്റാൻ സാധിച്ചു. മാർച്ച് 31-ഓടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നത് ശ്ലാഘനീയമാണ്. നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ചുപിടിക്കാൻ സർക്കാർ നടത്തുന്ന പരിശ്രമം പ്രശംസനീയമാണ്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ റീ-ചാർജ്ജ്,

ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കുള്ള ശക്തമായ ഇടപെടൽ ആരംഭിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ സംരക്ഷിക്കാനും വരൾച്ചയെ നേരിടാനുമുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കഴിഞ്ഞ സർക്കാരിൽനിന്നും വ്യത്യസ്തമായി ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിൽ സമഗ്ര മാറ്റമുണ്ടാക്കാനുതകുന്ന 'ആർദ്രം പദ്ധതി' ആവിഷ്കരിച്ചു. ആശുപത്രികൾ രോഗീ സൗഹൃദ കേന്ദ്രമാക്കാനും ആവശ്യത്തിന് ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കാനും നടപടി സ്വീകരിച്ചു. ചികിത്സയുടെ പേരിലുള്ള ചൂഷണം ഒഴിവാക്കാനും സ്റ്റെന്റിന്റെ വില കുറയ്ക്കാനുള്ള ശക്തമായ നടപടി സ്വീകരിച്ചു. സമഗ്ര വിദ്യാഭ്യാസ യജ്ഞത്തിന് തുടക്കം കുറിച്ചു. പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പ്രവർത്തനം എല്ലാ മണ്ഡലങ്ങളിലും ആരംഭിച്ചു. 5 വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ 4.32 ലക്ഷം ഭവനരഹിതർക്ക് വീട് നൽകുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കുടുംബശ്രീ യൂണിറ്റുകളെ ശാക്തീകരിക്കുന്നതിനും നിർഭയയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഒരു വനിതാ പോലീസ് ഓഫീസറുടെ സന്ദർശനം നിർബന്ധിതമാക്കുകയും സമഗ്രമായ ഒരു മാറ്റത്തിനായി പിങ്ക് പോലീസ് സ്റ്റേഷനും പട്രോളിംഗും യാഥാർത്ഥ്യമാക്കുകയും

ചെയ്തിട്ടുണ്ട്. അപകടാവസ്ഥയിലായിരുന്ന ഏനാത്ത് പാലത്തിന്റെ പണി ആരംഭിച്ചതും നിരവധി റോഡുകൾക്കായി പണം അനുവദിച്ചതും കൊട്ടാരക്കര മണ്ഡലത്തിൽ മുടങ്ങിക്കിടന്ന സിവിൽ സ്റ്റേഷന്റെ പണി ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. എൻ. വിജയൻ പിള്ള: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിയായിരുന്നു യു.ഡി.എഫ്. സർക്കാരിന്റെ മുഖമുദ്രയെങ്കിൽ അഴിമതിരഹിതമായ ഭരണമാണ് എൽ.ഡി.എഫ്. സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിലെ മാറ്റങ്ങൾക്കായി നവകേരള കർമ്മ പദ്ധതി സജ്ജമാക്കിയതും അടിയന്തര പ്രാധാന്യമുള്ള ആവശ്യങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള സർക്കാർ സംവിധാനം നിലവിൽ വരുമെന്നുമുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. കേരളത്തിലെ നിരാലംബരായ ജനവിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ആർദ്രം പദ്ധതി, ലൈഫ് (ലൈവ്ലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ്), ഹരിത മിഷൻ, വിദ്യാഭ്യാസ പരിഷ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കുടിവെള്ളക്ഷാമം നേരിടുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാർക്ക് നൽകിയതും ഭക്ഷ്യധാന്യ വിതരണത്തിന്റെ അപാകത

പരിഹരിക്കാൻ കേന്ദ്രത്തിൽ ഇടപെടൽ നടത്തുന്നതും മാവേലിസ്റ്റോറുകൾ സൂപ്പർ മാർക്കറ്റും ഹൈപ്പർ സൂപ്പർമാർക്കറ്റുകളുമാക്കുമെന്ന പ്രഖ്യാപനവും ആശ്വാസകരമാണ്. അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പിനെതിരെ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. കെ. ദാസൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് എട്ട് മാസത്തിനുള്ളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കർമ്മപദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ കേരളത്തിന് വമ്പിച്ച നേട്ടമാണുണ്ടാകാൻ പോകുന്നത്. ഫയൽ നടപടികൾ വേഗത്തിലാക്കിയത് സാധാരണ ജനങ്ങൾക്ക് ആശ്വാസകരമാണ്. സ്ത്രീ സംരക്ഷണത്തിനായി നിരവധി പ്രഖ്യാപനങ്ങൾ നടത്തുകയും തെളിയിക്കപ്പെടാത്ത പല കേസുകൾ തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനും വനത്തിനുള്ളിലെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തി അവ നാട്ടിലിറങ്ങുന്നത് തടയുന്നതിനും സാധിക്കുന്ന

വിധത്തിലുള്ള നടപടികളാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വിഭാവന ചെയ്തിട്ടുള്ളത്. 'ഹരിതകേരള മിഷൻ' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് വിദേശ ട്രോളറുകളെ നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന നടപടികളാണ് നയപ്രഖ്യാപനത്തിലുടനീളം കാണാൻ കഴിയുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന് ദിശാബോധം നൽകുന്ന, സാമൂഹ്യ സാമ്പത്തിക രംഗത്ത് ഉണർവ്വുണ്ടാക്കുന്ന നയങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. വിദ്യാഭ്യാസമേഖലയിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനും വിദ്യാലയങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ശാലസിദ്ധി പദ്ധതി ആവിഷ്കരിക്കുന്നതിനും ഹൈസ്കൂളുകളിലെ ലാബുകൾ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഉച്ചഭക്ഷണത്തിനുള്ള തുകയും സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനവും സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സ്വച്ഛ് ഭാരത് മിഷന്റെ സഹകരണത്തോടെ സ്കൂളുകളിൽ ആധുനിക ശുചിമുറികൾ ഒരുക്കുന്നതിന്

എസ്.എസ്.എ. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ജനങ്ങളെ മദ്യാസക്തിയിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള 'വിമുക്തി പദ്ധതി' നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് മുൻകൂറായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഗണ്യമായി ബാധിക്കുകയും സഹകരണ മേഖലയെ പ്രതിസന്ധിയിലാഴ്ത്തുകയും ചെയ്തിരിക്കുകയാണ്.

<u>ശ്രീ. എം. സ്വരാജ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള മിഷൻ ഉൾപ്പെടെയുള്ള പുതിയ പദ്ധതികളിലൂടെ ആധുനിക കേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കാഴ്ചവച്ചിട്ടുള്ളത്. ഭവനരഹിതരില്ലാത്ത കേരളം കെട്ടിപ്പടുക്കുന്നതിനും ആരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷണമുറപ്പാക്കുന്നതിനും പൊതു വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയവും പ്രായോഗികവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കാതെ പ്രതികളെ സംരക്ഷിക്കുന്നതിനും മുൻകയ്യെടുത്തവർ ഇന്ന്

സ്ത്രീ സുരക്ഷയ്ക്കുവേണ്ടി മുറവിളി കൂട്ടുന്നത് വിരോധാഭാസമാണ്. സ്ത്രീകളുടെ സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകുകയും അക്രമികൾക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കുകയും ചെയ്യുന്ന സർക്കാരിനെ പ്രതിരോധിക്കാനുള്ള പ്രതിപക്ഷാംഗങ്ങളുടെ ശ്രമം അപലപനീയമാണ്.

സഭ ഉച്ചയ്ക്കുശേഷം 2.27-ന് പിരിഞ്ഞു.